23-1-2004 മുതൽ ഒരു വർഷത്തേക്ക് മോറട്ടോറിയം പ്രഖ്യാപിച്ചു. നഷ്ടപരിഹാരം ലഭിക്കുന്നതിനുള്ള കർഷകന്റെ വാർഷിക വരുമാന പരിധി നീക്കം ചെയ്തു. ഭൂപരിധിയിലുണ്ടായിരുന്ന നിയന്ത്രണത്തിൽ ഇളവ് അനുവദിച്ചു.

(ഡി) 2003-04 വർഷത്തിൽ വരൾച്ചമൂലം കൃഷിനാശം സംഭവിച്ച കർഷകർക്ക് ധനസഹായം നൽകുന്നതിനായി 3456.454 ലക്ഷം രൂപ അനുവദിച്ചു. ഇവയിൽ 2,64,139 കർഷകർക്കായി ഇതിനോടകം 2876.065 ലക്ഷം രൂപ വിതരണം ചെയ്തിട്ടുണ്ട്. വിശദ വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്. †

ആത്മഹത്യാ പ്രവണതയെക്കുറിച്ച് പഠനം

85 [2054] ശ്രീമതി മാലേത്ത് സരളാദേവി:
ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ:
,, പി. ടി. തോമസ്:
,, തേറമ്പിൽ രാമകൃഷ്ണൻ:

പ്രൊഫ. സാവിത്രി ലക്ഷ്മണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി, വയനാട് ജില്ലകളിലെ കർഷകരുടെ ഇടയിൽ ആത്മഹത്യാ പ്രവണത കൂടിവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ ആരാണ് പഠനം നടത്തിയത്;

(സി) പഠനത്തിൽ എന്തെല്ലാം കാര്യങ്ങളാണ് കണ്ടെത്തിയത് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) പഠനം നടത്തിയിട്ടില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

പേരാമ്പ്ര മണ്ഡലത്തിലെ കൃഷിനാശം

86 [2055] ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷത്തെ കാലവർഷക്കെടുതിയിൽ പേരാമ്പ്ര മണ്ഡലത്തിൽ ഉണ്ടായ കൃഷിനാശം എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ;

(ബി) മണ്ഡലത്തിലെ ഓരോ പഞ്ചായത്തിലുമുള്ള കൃഷിനാശത്തിന്റെ വിശദവിവരം അറിയിക്കുമോ;

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly